**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1008** **14-10-2026-ൽ മറുപടിയ്ക്ക്**

**ഫിഷറീസ് മേഖലയിൽ സമഗ്രനയ രൂപീകരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. സിറിയക് തോമസ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി വിപണി സുരക്ഷിതമാക്കാനും രാജ്യാന്തര സുസ്ഥിരതാ അംഗീകാരങ്ങൾ നേടിയെടുക്കാനും ലക്ഷ്യമിട്ട് സംസ്ഥാന ഫിഷറീസ് മേഖലയിൽ സമഗ്ര നയരൂപീകരണത്തിന് തുടക്കം കുറിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** തീരുമാനിച്ചിട്ടില്ല.

**(ബി)** അനധികൃത മത്സ്യബന്ധനം തടയാൻ മൊബൈൽ ആപ്പും ഡിജിറ്റൽ ട്രോൾ ട്രാക്കിംഗും ഏർപ്പെടുത്തുമോ; വിശദമാക്കുമോ;

**മറുപടി:** അനധികൃത മത്സ്യബന്ധനം തടയുന്നതിനും മത്സ്യബന്ധന യാനങ്ങളുടെ നീക്കങ്ങൾ നിരീക്ഷിക്കുന്നതിനും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷനും ലൈസൻസിംഗും ഉറപ്പാക്കുന്നതിനുള്ള ReALCraft ഓൺലൈൻ സംവിധാനവും മത്സ്യബന്ധന യാനങ്ങളുടെ യാത്രയും സ്ഥാനവും രേഖപ്പെടുത്തുന്നതിനായി രൂപകൽപ്പന ചെയ്ത നഭമിത്ര ആപ്പും നിലവിലുണ്ട്. ReALCraft സംവിധാനത്തിൽ യാനങ്ങളുടെ വിവരങ്ങൾ ഡിജിറ്റലായി ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട സുരക്ഷാ ഏജൻസികളുമായി വിവരങ്ങൾ പങ്കുവയ്ക്കുന്നതിനുമുള്ള സൗകര്യങ്ങളുമുണ്ട്. കൂടാതെ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ Vessel Communication and Support System (VCSS) പ്രകാരം മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ സ്ഥാപിച്ച് യാനങ്ങളുടെ സ്ഥാനം നിരീക്ഷിക്കുക, അടിയന്തര സന്ദേശങ്ങൾ കൈമാറുക, സമുദ്രാതിർത്തി ലംഘനം സംബന്ധിച്ച മുന്നറിയിപ്പുകൾ നൽകുക തുടങ്ങിയ സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു. ഈ സംവിധാനങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി നിരോധിത മേഖലകളിലെ മത്സ്യബന്ധനം, അനുവദനീയമല്ലാത്ത സമയങ്ങളിലെ മത്സ്യബന്ധനം, നിയമവിരുദ്ധമായ ട്രോളിംഗ് എന്നിവ കണ്ടെത്തുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി വിവരം ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്.

**(സി)** മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് തടയുവാനും അതുമായി ബന്ധപ്പെട്ട മത്സ്യബന്ധന വലകളുടെ കണ്ണി വലിപ്പം ക്രമീകരിക്കുവാനും ശാസ്ത്രീയമായ ട്രോളിംഗ് നിയന്ത്രണം ഏർപ്പെടുത്തുന്നതുമുൾപ്പടെയുള്ള നടപടികളിലൂടെ മത്സ്യസമ്പത്ത് വീണ്ടെടുക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:** കേരള ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന മത്സ്യസമ്പത്തിന്റെ സംരക്ഷണവും പരിപാലനവും (Conservation and Management of Fish Resources – Marine) എന്ന പദ്ധതിയുടെ ഭാഗമായി കേരളത്തിന്റെ സമുദ്ര മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യക്കുഞ്ഞുങ്ങളെ അനിയന്ത്രിതമായി പിടിക്കുന്നത് തടയുന്നതിനും മത്സ്യങ്ങളുടെ പ്രജനനത്തിനും വളർച്ചയ്ക്കും ആവശ്യമായ സാഹചര്യം ഉറപ്പാക്കുന്നതിനും വിവിധ നിയന്ത്രണ നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യബന്ധന വലകളുടെ കണ്ണിവലിപ്പം നിയന്ത്രിക്കുക, ചെറുമത്സ്യങ്ങളെയും വളർച്ചയെത്താത്ത മത്സ്യങ്ങളെയും പിടിക്കുന്നത്

കുറയ്ക്കുക, ശാസ്ത്രീയമായ ട്രോളിംഗ് നിയന്ത്രണം നടപ്പിലാക്കുക, മത്സ്യപ്രജനന കാലയളവിൽ മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തുക എന്നിവയാണ് ഇതിൽ പ്രധാനപ്പെട്ടവ.

കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ചട്ടങ്ങൾ, 2018 പ്രകാരം വിവിധ മത്സ്യബന്ധന വലകൾക്ക് നിശ്ചിത കുറഞ്ഞ കണ്ണിവലിപ്പം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിലൂടെ വളർച്ചയെത്താത്ത മത്സ്യങ്ങളുടെ അനാവശ്യമായ പിടിത്തം കുറയ്ക്കുകയാണ് ലക്ഷ്യം. 25/08/2023 ലെ സ.ഉ.(അച്ചടി)നം.45/2023/മതുവ നമ്പർ വിജ്ഞാപന പ്രകാരം 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് ലംഘിക്കുന്ന മത്സ്യബന്ധന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 1988 മുതൽ മൺസൂൺ കാലയളവിൽ യന്ത്രവൽകൃത ബോട്ടുകളുടെ അടിത്തട്ട് ട്രോളിംഗ് നിരോധിച്ചുവരുന്നു.

മത്സ്യങ്ങളുടെ പ്രജനനത്തിനും വളർച്ചയ്ക്കും അവസരം നൽകുന്നതിനും മത്സ്യസമ്പത്തിന്റെ സ്വാഭാവിക പുനഃസ്ഥാപനത്തിനും ഈ നിയന്ത്രണം സഹായിക്കുന്നു. കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം, 1980 പ്രകാരമുള്ള വ്യവസ്ഥകൾ നടപ്പിലാക്കുക, മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷനും ലൈസൻസിംഗും ഉറപ്പാക്കുക, പട്രോളിംഗ് ശക്തിപ്പെടുത്തുക, മത്സ്യബന്ധന കേന്ദ്രങ്ങളിൽ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുക എന്നിവ പദ്ധതിയുടെ ഭാഗമാണ്.

**സെക്ഷൻ ഓഫീസർ**